പരിചയം

പി.കെ.എ റഷീദ്

# തഫ്ഹീമുൽ ഖുർആൻ കമ്പ്യൂട്ടർ പതിപ്പ് ഒരു ഡിജിറ്റൽ വിസ്മയം

**ഏതൊരു** വിശ്വാസിയുടെയും ജീവിതാഭിലാഷങ്ങളിൽ മുഖ്യമായിരിക്കും വിശുദ്ധ ഖുർആനെ അടുത്തറിയുക എന്നത്. ഒരു സമ്പൂർണ ജീവിത പദ്ധതിയെന്ന നിലയിൽ ആത്മീയമെന്നതുപോലെ ഭൗതിക ജീവിത പ്രശ്നങ്ങൾക്കും പരിഹാരം തേടാവുന്ന ആധികാരിക റഫറൻസ് ഗ്രന്ഥമായി ഖുർആന്റെ പ്രസക്തി നാൾക്കുനാൾ വർധിക്കുകയാണ്. അതുകൊണ്ടുതന്നെ മുസ്‌ലിം ഭവനങ്ങളിൽ വിശുദ്ധ ഗ്രന്ഥത്തിന്റെ ഒന്നിൽ കൂടുതൽ പതിപ്പുകൾ പരിഭാഷയും വ്യാഖ്യാനവുമടക്കം വാങ്ങി സൂക്ഷിക്കാൻ ഗൃഹനാഥന്മാർ ശ്രദ്ധിക്കാറുണ്ട്.

എന്നാൽ മിക്ക വീടുകളിലും ഈ സൂക്ഷിപ്പിനപ്പുറം കാര്യങ്ങൾ നീങ്ങാറില്ലെന്നുള്ളതാണ് വാസ്തവം. വർഷാവർഷങ്ങളിൽ റമദാനിലൊഴിച്ച് മറ്റെല്ലാ മാസങ്ങളിലും അലമാരകളിൽ പൊടി പിടിച്ചു കിടക്കാനായിരിക്കും അത്തരം ഗ്രന്ഥങ്ങളുടെ വിധി. ഇതിനു മുഖ്യ കാരണം വിഷയത്തിലുള്ള താൽപര്യക്കുറവിനെക്കാളുപരി വായനാശീലത്തിന്റെ അഭാവമാണ്. ഭാഷാപരമായ പരിമിതിയാണ് മറ്റൊരു പ്രശ്നം. അറബി ഭാഷയിൽ, അതും ഖുർആനിന്റെ പ്രത്യേക ഭാഷാശൈലിയിൽ, പ്രാവീണ്യം നേടിയ ശേഷം മാത്രമേ വിശുദ്ധ ഗ്രന്ഥം മനസ്സിലാക്കാനാകൂ എങ്കിൽ അതു സാധാരണക്കാരായ ആളുകളെസംബന്ധിച്ചേടത്തോളം എളുപ്പം നടപ്പുള്ള കാര്യമല്ല. സാധാരണ പരിഭാഷകളുടെ സഹായത്തോടെ ഓരോ സൂക്തവും വായിച്ചു മനസ്സിലാക്കാൻ ശ്രമിക്കുമ്പോൾ ഉയർന്നുവരാനിടയുള്ള സംശയങ്ങൾക്ക് അതതു സമയങ്ങളിൽ തന്നെ ആധികാരികമായ പരിഹാരം തേടുക പ്രയാസവുമാണ്. ഇക്കാരണങ്ങളാൽ ഉണ്ടാകാവുന്ന വായനയോടുള്ള വിരക്തി അകറ്റി, ഒരു പുതുപുത്തൻ വൈജ്ഞാനികാനുഭവം പ്രദാനം ചെയ്യുന്ന സോഫ്റ്റ്‌വെയറാണ് ജമാഅത്തെ ഇസ്‌ലാമി കേരളാ ഹൽഖയുടെ ഓഡിയോ വിഷ്വൽ വിഭാഗമായ 'ധർമധാര'പ്രസിദ്ധീകരിച്ച തഫ്ഹീമുൽ ഖുർആൻ കമ്പ്യൂട്ടർ പതിപ്പ്.

സയ്യിദ് അബുൽഅഅ്‌ലാ മൗദൂദിയുടെ പ്രശസ്ത ഖുർആൻ വ്യാഖ്യാന ഗ്രന്ഥമായ തഫ്ഹീമുൽ ഖുർആൻ ദശകങ്ങൾക്കു മുമ്പ് രചിക്കപ്പെട്ടതെങ്കിലും ഇന്നും ഏറെ വായിക്കപ്പെടുകയും ആധികാരികതയുടെ പേരിൽ പണ്ഡിത വൃത്തങ്ങളിൽ ആദരിക്കപ്പെടുകയും ചെയ്യുന്നുണ്ട്. ആ വിശിഷ്ട ഗ്രന്ഥത്തിന്റെ ഉള്ളടക്കം അഭ്യസ്ഥവിദ്യർ മുതൽ പറയത്തക്ക ഭാഷാപരിജ്ഞാനമോ മുന്നറിവോ ഇല്ലാ

*മുസ്ഹഫ് (സ്ക്രീൻഷോട്ട്)*



ത്ത സാധാരണക്കാർക്കു പോലും ലളിതമായി മനസ്സിലാക്കാൻ ഉതകുന്ന വിധത്തിൽ അവതരിപ്പിക്കുന്നതിൽ ഈ ഇന്ററാക്ടീവ് സോഫ്റ്റ്‌വെയർ വൻ വിജയമാണെന്ന കാര്യത്തിൽ ആർക്കും സംശയമുണ്ടാകാൻ ഇടയില്ല. മൾട്ടി മീഡിയയുടെ സാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തി വിശുദ്ധ ഖുർആന്റെ പാരായണവും പഠനവും ലക്ഷ്യമാക്കുന്ന മലയാളത്തിലെ ആദ്യത്തെ ബൃഹദ്സംരംഭമാണ് ഈ സോഫ്റ്റ്‌വെയർ.

ഇംഗ്ലിഷ് മീഡിയം സ്കൂളുകളും മറ്റും വ്യാപകമായിക്കൊണ്ടിരിക്കുന്ന ഇക്കാലത്ത് പരമ്പരാഗത രീതിയിലുള്ള മദ്റസാ പഠനം പലർക്കും ഇന്ന് അപ്രാപ്യമാണ്. സെൻട്രൽ സ്കൂളുകൾ പോലുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ സമയമാറ്റവും മദ്റസാ പഠനത്തെ കാര്യമായി ബാധിക്കുന്നുണ്ട്. മുസ്‌ലിം മാനേജുമെന്റുകൾ നടത്തുന്ന സ്കൂളുകൾ മതപഠനത്തിനായി ചുരുക്കം ചില മണിക്കൂറുകൾ നീക്കിവെച്ചു കൊണ്ടാണ് ഈ പ്രശ്നം പരിഹരിക്കാൻ ശ്രമിക്കുന്നത്. എന്നാൽ മിക്ക സ്കൂളുകളിലെയും മതപഠനസംവിധാനം കാര്യക്ഷമമല്ലെന്നതാണ് സത്യം. ഇക്കാര്യത്തിൽ രക്ഷിതാക്കളുടെ ആശങ്കകളും പരാതികളും പലപ്പോഴും ബധിരകർണങ്ങളിൽ പതിക്കാറാണ് പതിവ്. ഈ സാഹചര്യത്തിൽ പരസഹായം കൂടാതെ ഗുരുമുഖത്തുനിന്ന് നേരിട്ടു പഠിക്കുന്നതിനെക്കാൾ മികവിൽ അവനവന്റെ സമയത്തിന്റെ ലഭ്യതക്കും സൗകര്യത്തിനുമനുസരിച്ച് ഖുർആൻ പഠനം സാധ്യമാക്കുന്ന ഒരു കമ്പ്യൂട്ടർ പ്രോഗ്രാമിന് ഏറെ പ്രസക്തിയുണ്ട്. ഒരു മൾട്ടി മീഡിയ കമ്പ്യൂട്ടറുണ്ടെങ്കിൽ ആർക്കും പ്രാഥമികതലം മുതൽ ഗവേഷണതലം വരെ ഖുർആൻപഠനം സാധ്യമാക്കുന്ന തഫ്ഹീമുൽ ഖുർആൻ കമ്പ്യൂട്ടർ പതിപ്പ് കാലഘട്ടത്തിന്റെ ഈ ആവശ്യത്തെ കാലഘട്ടത്തിന്റെ ഭാഷയിൽ സ്തുത്യർഹമാംവണ്ണം പൂർത്തീകരിക്കുന്നു.

ഖുർആൻ പദങ്ങളുടെ വാക്കർഥങ്ങൾ, പദസൂചി, മലയാളത്തിലും ഇംഗ്ലീഷിലും സൂക്തങ്ങളുടെ അർഥം, തഫ്ഹീമിലെ ആയിരത്തോളം പദങ്ങളുടെ വിശദീകരണം, വിഷയാധിഷ്ഠിത സെർച്ച്, ഹദീസുകളുടെ അറബിക് ടെക്സ്റ്റുകൾ, തഫ്ഹീമിൽ അങ്ങിങ്ങായി പരാമർശിക്കപ്പെടുന്ന ബൈബിൾ ഉദ്ധരണികളുടെ പൂർണരൂപം, വിവിധ സന്ദർഭങ്ങളിൽ അധിക റഫറൻസിനു വേണ്ടി തെരഞ്ഞെടുക്കാവുന്ന മാപ്പുകളുടെയും ചിത്രങ്ങളുടെയും വീഡിയോ ക്ലിപ്പുകളുടെയും ശേഖരം, അധിക പഠനത്തിനുതകുന്ന ധാരാളം ലേഖനങ്ങളടങ്ങിയ ഖുർആൻ ലൈബ്രറി, സ്വയം പഠന പുരോഗതി വിലയിരുത്താൻ ഉപകരിക്കുന്ന ഖുർആൻ ക്വിസ് എന്നിവയെല്ലാം ഈ സോഫ്റ്റ്‌വെയറിന്റെ പ്രത്യേകതകളാണ്. കൂടാതെ ഖുർആൻ ആദ്യം മുതൽ അവസാനം വരെ വായിക്കാനും പ്രസിദ്ധ ഖാരിഉകളായ സഅദ് അൽഗാമിദി, അഹ്മദ് അൽഅജമി എന്നിവരുടെ ഗംഭീരശബ്ദത്തിൽ പാരായണം കേൾക്കാനുമുള്ള സംവിധാനവും ഈ പ്രോഗ്രാമിലുണ്ട്. വായനാസുഖം നൽകുന്ന ഉസ്മാനി ലിപിയാണ് ഇതിൽ ഉപയോഗിച്ചിട്ടുള്ളത്.



മുഖ്യ വിൻഡോ (സ്ക്രീൻ ഷോട്ട്)

വിശിഷ്ട ഗ്രന്ഥത്തിന്റെ ഉള്ളടക്കം അഭ്യസ്ഥവിദ്യർ മുതൽ പറയത്തക്ക ഭാഷാപരിജ്ഞാനമോ മുന്നറിവോ ഇല്ലാത്ത സാധാരണക്കാർക്കു പോലും ലളിതമായി മനസ്സിലാക്കാൻ ഉതകുന്ന വിധത്തിൽ അവതരിപ്പിക്കുന്നതിൽ ഈ ഇന്ററാക്ടീവ് സോഫ്റ്റ്‌വെയർ വൻ വിജയമാണെന്ന കാര്യത്തിൽ ആർക്കും സംശയമുണ്ടാകാൻ ഇടയില്ല. മൾട്ടി മീഡിയയുടെ സാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തി വിശുദ്ധ ഖുർആന്റെ പാരായണവും പഠനവും ലക്ഷ്യമാക്കുന്ന മലയാളത്തിലെ ആദ്യത്തെ ബൃഹദ്സംരംഭമാണ് ഈ സോഫ്റ്റ്‌വെയർ.

ഖുർആൻ പാരായണ നിയമം (തജ്‌വീദ്) പഠിക്കാനുള്ള വിപുലമായ ട്യൂട്ടോറിയലാണ് സോഫ്റ്റ്‌വെയറിന്റെ മറ്റൊരു സവിശേഷത. ഈ സെക്ഷനിൽ ഖുർആൻ സൂക്തങ്ങളുടെ പാരായണത്തിനും തജ്‌വീദ് പഠനത്തിലെ മാതൃകകൾ ഓതിക്കേൾപ്പിക്കുന്നതിനും മസ്ജിദുന്നബവിയിലെ ഇമാമായ അലി അബ്ദുറഹ്മാൻ അൽ ഹുദൈഫിയുടെ ശബ്ദമാണ് ഉപയോഗിച്ചിട്ടുള്ളത്.

കമ്പ്യൂട്ടർ ബൂട്ട് ചെയ്യാൻ മാത്രം അറിയാവുന്ന ആൾക്കും സകല ഫീച്ചറുകളും എളുപ്പത്തിൽ ഉപയോഗിക്കാവുന്നത്ര ലളിതമാണ് സോഫ്റ്റ്‌വെയറിന്റെ ഘടനയും സംവിധാനവും. ആറു വാള്യങ്ങളിലായി പരന്നു കിടക്കുന്ന തഫ്ഹീമുൽ ഖുർആന്റെ ഏതൊരു ഭാഗത്തുനിന്നുള്ള വിവര ശകലവും ഞൊടിയിടയിൽ മുമ്പിലെത്തിക്കുന്ന അതീവ കാര്യക്ഷമതയുള്ള ക്രോസ് റഫറൻസ് സംവിധാനം ഗവേഷണ വിദ്യാർഥികളെപ്പോലെ ഉയർന്ന തലത്തിലുള്ള ഉപയോക്താക്കളെ സംബന്ധിച്ചേടത്തോളം വലിയ ഒരനുഗ്രഹം തന്നെയാണ്.

സോഫ്റ്റ്‌വെയറിന്റെ അടിസ്ഥാന ഫീച്ചറുകളുടെ പ്രവർത്തനക്രമം താഴെക്കൊടുക്കുന്നു.

സി.ഡി ഫോർമാറ്റിലോ ഡി.വി.ഡി ഫോർമാറ്റിലോ ലഭ്യമാകുന്ന സോഫ്റ്റ്‌വെയർ ഇൻസ്റ്റാൾ ചെയ്ത ശേഷം ഡെസ്ക്ടോപ്പിൽ പ്രത്യക്ഷപ്പെടുന്ന ഐക്കണിൽ ക്ലിക് ചെയ്തു കഴിഞ്ഞാൽ സൂറ അൽ ഇസ്റാഇലെ 'ഈ ഖുർആൻ ഏററവും

ശരിയായ മാർഗം കാണിച്ചുതരുന്നു..' എന്നു തുടങ്ങുന്ന സൂക്തത്തിന്റെ പശ്ചാത്തലത്തിൽ സോഫ്റ്റ് വെയറിന്റെ മുഖപ്പേജ് സ്ക്രീനിൽ തെളിയുന്നു. നിമിഷങ്ങൾക്കകം അതു മാഞ്ഞ് തൽസ്ഥാനത്ത് മുഖ്യ വിൻഡോ (Main Window) പ്രത്യക്ഷപ്പെടുന്നതോടുകൂടി പ്രോഗ്രാം പ്രവർത്തന സജ്ജമായിക്കഴിഞ്ഞു. (സ്ക്രീൻ ഷോട്ട് കാണുക)

മുഖ്യ വിൻഡോയുടെ ഏറ്റവും മുകളിലത്തെ ബ്ലോക്കിലാണ് ഖുർആൻ ടെക്സ്റ്റ് പ്രത്യക്ഷപ്പെടുന്നത്. ടെക്സ്റ്റിലെ ഓരോ പദങ്ങൾക്കു മുകളിൽ കർസർ വെക്കുമ്പോഴും അവയുടെ മലയാളത്തിലുള്ള വാക്കർഥം തൊട്ടു താഴെ തെളിഞ്ഞുവരുന്നു. ആ സൗകര്യം ആവശ്യമില്ലെങ്കിൽ തൊട്ടുതാഴെ വലതു ഭാഗത്ത് കാണുന്ന 'ഷോ വേഡ് മീനിങ്ങ്' എന്ന ഓപ്ഷനു നേരെകാണുന്ന ടിക്മാർക് നീക്കുക. ഇടതു ഭാഗത്തെ 'പ്ലേ' ബട്ടണിൽ ക്ലിക് ചെയ്യുമ്പോൾ മുകളിലെ ബ്ലോക്കിൽ കാണുന്ന സൂക്തങ്ങൾ ആദ്യാവസാനം കേൾക്കാം. നിർത്താൻ 'സ്റ്റോപ്' ബട്ടണിൽ ക്ലിക് ചെയ്യുക. തുടർച്ചയായ പാരായണം ആവശ്യമില്ലെങ്കിൽ ഈ രണ്ടു ബട്ടണുകൾക്കും മുകളിൽ കാണുന്ന 'റിസൈറ്റ് കണ്ടിന്വസ്‌ലി' എന്ന ഓപ്ഷനിലെ ടിക്മാർക്ക് ഒഴിവാക്കുക. 'റിസൈറ്റ് മൗസ്ക്ലിക്ഡ് വേഴ്സ്' എന്ന ഓപ്ഷൻ ടിക് ചെയ്താൽ ഏതേതു ആയത്തുകൾക്കു മുകളിൽ ക്ലിക് ചെയ്യുന്നുവോ ആ ആയത്തുകൾ മാത്രമേ കേൾക്കാൻ സാധിക്കൂ.

കമ്പ്യൂട്ടർ ബൂട്ട് ചെയ്യാൻ മാത്രം അറിയാവുന്ന ആൾക്കും സകല ഫീച്ചറുകളും എളുപ്പത്തിൽ ഉപയോഗിക്കാവുന്നത്ര ലളിതമാണ് സോഫ്റ്റ്വെയറിന്റെ ഘടനയും സംവിധാനവും. ആറു വാള്യങ്ങളിലായി പരന്നു കിടക്കുന്ന തഫ്ഹീമുൽ ഖുർആന്റെ ഏതൊരു ഭാഗത്തുനിന്നുള്ള വിവര ശകലവും ഞൊടിയിടയിൽ മുമ്പിലെത്തിക്കുന്ന അതീവ കാര്യക്ഷമതയുള്ള ക്രോസ് റഫറൻസ് സംവിധാനം ഗവേഷണ വിദ്യാർഥികളെപ്പോലെ ഉയർന്ന തലത്തിലുള്ള ഉപയോക്താക്കളെ സംബന്ധിച്ചേടത്തോളം വലിയ ഒരനുഗ്രഹം തന്നെയാണ്.

താഴെക്കാണുന്ന രണ്ടു കോളങ്ങളിൽ ഇടതുകോളം സൂക്തങ്ങളുടെ പരിഭാഷക്കുവേണ്ടിയുള്ളതാണ്. ഇംഗ്ലീഷ് പരിഭാഷയാണ് വേണ്ടതെങ്കിൽ സ്റ്റോപ് ബട്ടണു വലതു ഭാഗത്തു കാണുന്ന ഇംഗ്ലിഷ് ഓപ്ഷനിൽ ക്ലിക് ചെയ്യാം. പരിഭാഷയിൽ അങ്ങിങ്ങായി കാണുന്ന നീല നിറമുള്ള നമ്പറുകളിൽ ക്ലിക് ചെയ്യുമ്പോൾ ബന്ധപ്പെട്ട വിശദീകരണക്കുറിപ്പുകൾ വലതു കോളത്തിൽ പ്രത്യക്ഷപ്പെടുന്നു.

വ്യാഖ്യാനക്കുറിപ്പുകളിൽ പരാമർശിക്കപ്പെടുന്ന വ്യക്തിനാമങ്ങളെക്കുറിച്ചും സ്ഥലനാമങ്ങളെക്കുറിച്ചും കൂടുതൽ മനസ്സിലാക്കാൻ അവക്കടുത്തു കാണുന്ന നമ്പറുകളിൽ ക്ലിക് ചെയ്യുക; ബന്ധപ്പെട്ട വിശദീകരണങ്ങളും മാപ്പുകളും ചിത്രങ്ങളും വീഡിയോകളുമെല്ലാം മറ്റൊരു കൊച്ചു വിൻഡോയിൽ പ്രത്യക്ഷപ്പെടുന്നു. ഇതേ രീതിയിൽതന്നെ തഫ്ഹീമിൽ പരാമർശിച്ച മിക്ക ഹദീസുകളുടെ പൂർണ രൂപത്തിലേക്കും (സനദ് സഹിതം) തഫ്ഹീം കുറിപ്പുകളിലെ ക്രോസ്റഫറൻസ് പേജുകളിലേക്കും പ്രവേശിക്കാം.

മുഖ്യ വിൻഡോയുടെ മധ്യത്തിൽ കാണുന്ന സ്ക്രോൾ ബട്ടണുകളുപയോഗിച്ച് അധ്യായങ്ങളും ആയത്തുകളും തെരഞ്ഞെടുക്കാം. ഈ വക റഫറൻസുകളെല്ലാം നടത്തിക്കൊണ്ടിരിക്കുമ്പോൾ മുൻ പേജിലേക്കുതന്നെ തിരിച്ചുപോകാൻ സൈഡ് ബാറിൽ കാണുന്ന പച്ച നിറത്തിലുള്ള അമ്പടയാളത്തിൽ ക്ലിക് ചെയ്യണം.

മധ്യഭാഗത്തുതന്നെ അൽപം വലത്തോട്ടു മാറി കാണപ്പെടുന്ന പേജുകളുടെയും ചാപ്റ്ററുകളുടെയും വിന്യാസത്തെ സൂചിപ്പിക്കുന്ന First Page, Previous Page, Next Page, Last page....First Chapter, Previous Chapter, Next Chapter, Last Chapter തുടങ്ങിയ ബട്ടണുകളുപയോഗിച്ച് ആയാസരഹിതമായി ഏതു പേജുകളിലും ചാപ്റ്ററുകളിലും എത്താം.

വായിച്ചുകൊണ്ടിരിക്കുന്ന പേജുകളിൽ അടയാളം വെക്കാൻ ബുക്മാർക്ക് ബട്ടണിൽ ക്ലിക് ചെയ്യുമ്പോൾ പ്രത്യക്ഷപ്പെടുന്ന കൊച്ചു വിൻഡോയിൽ അടയാള വാക്കോ വാക്യമോ ടൈപ്പ് ചെയ്ത് സേവ് ബട്ടണിൽ ക്ലിക് ചെയ്യുക. ഇപ്രകാരം എത്ര പേജുകൾ വേണമെങ്കിലും അടയാളപ്പെടുത്തുകയോ ഓപ്പൺ ബട്ടണിൽ ക്ലിക് ചെയ്ത് ആവശ്യാനുസരണം വീണ്ടും പ്രത്യക്ഷപ്പെടുത്തുകയോ ആവശ്യം കഴിഞ്ഞ് നീക്കം ചെയ്യുകയോ ആകാം.

പ്രിഫേസ് (Preface) ബട്ടണിൽ ക്ലിക് ചെയ്താൽ വായിച്ചു കൊണ്ടിരിക്കുന്ന അധ്യായത്തിന്റെ നാമം, അവതരണകാലം, അവതരണത്തിന്റെ ചരിത്ര പശ്ചാത്തലം തുടങ്ങിയവയെല്ലാം വിശദമായി മനസ്സിലാക്കാം.

സൈഡ് ബാറിലെ സേവ് ചിഹ്നത്തിൽ ക്ലിക് ചെയ്ത് വായിച്ചു കൊണ്ടിരിക്കുന്ന ടെക്സ്റ്റ് എം.എസ്. വേഡ് ഫയലായി സേവ് ചെയ്യാം.

സൈഡ് ബാറിന്റെ മുകളിൽ കാണുന്ന മുസ്ഹഫ് ബട്ടൺ ക്ലിക് ചെയ്യുമ്പോൾ പ്രത്യക്ഷപ്പെടുന്ന വിൻഡോയിൽ (സ്ക്രീൻ ഷോട്ട് കാണുക) ഖുർആൻ പരമ്പരാഗത രീതിയിൽ പേജുകൾ മറിച്ചുകൊണ്ടെന്നപോലെ വായിക്കുകയും വായിപ്പിക്കുകയും ചെയ്യാം. മധ്യത്തിൽ കാണുന്ന തജ്‌വീദ് ബട്ടണടിച്ചാൽ പാരായണ നിയമങ്ങളും ഡെമോൺസ്ട്രേഷനുകളും ലഭ്യമാകും.

കൂടുതൽ പഠനം നടത്താൻ ആഗ്രഹിക്കുന്നവർക്കു വേണ്ട അതിവിപുലമായ സെർച്ച് സംവിധാനമടക്കമുള്ള വേറെയും നിരവധി ഫീച്ചറുകളിലേക്ക് മുഖ്യ വിൻഡോയിലെ ഇതര ബട്ടണുകളിലൂടെ പ്രവേശിക്കാം. സോഫ്റ്റ്വെയറിന്റെ പ്രവർത്തനക്രമം പൂർണമായും മനസ്സിലാക്കാൻ 'തഫ്ഹീം ടൂർ' (സൈഡ്ബാറിലെ ഏറ്റവും താഴത്തെ ബട്ടൺ) എന്ന വീഡിയോ പ്രസന്റേഷൻ കാണുകയോ വിശദമായ സഹായ ഫയൽ (മുകളിൽ മെനു ബാറിന്റെ വലത്തേ അറ്റം) വായിക്കുകയോ ചെയ്യാം.

മലയാളത്തിൽ യാതൊരുവിധ മുൻമാതൃകകളും ഇല്ലാതിരുന്നിട്ടു ഇത്തരമൊരു ബൃഹദ് സംരംഭത്തിന് ധീരമായി മുന്നോട്ടു വരികയും കേവലം ഒരു വർഷമെന്ന പരിമിതമായ കാലയളവിനുള്ളിൽ അദ്ഭുതകരമായ മികവോടുകൂടി പൂർത്തീകരിക്കുകയും ചെയ്ത തഫ്ഹീമുൽ ഖുർആൻ ഡിജിറ്റൈസേഷൻ പ്രൊജക്റ്റിന്റെ പിന്നണി പ്രവർത്തകരെയും അതിന്റെ പ്രായോജകരായ കേരളാ ഇസ്‌ലാമിക് ഗ്രൂപ്പ് പ്രവർത്തകരെയും എത്ര പ്രശംസിച്ചാലും അധികമാവില്ല. അവരുടെ പ്രതിബദ്ധതയും കഠിനാദ്ധ്വാനവും ഈ വക സത്കർമങ്ങളിൽ ഏർപ്പെടുന്നവർക്ക് എക്കാലവും മാതൃകയും പ്രചോദനവുമായിരിക്കുമെന്ന കാര്യത്തിൽ സംശയമില്ല. അവരുടെ നിസ്വാർഥ സേവനങ്ങളെ സ്വാലിഹായ അമലായി സ്വീകരിച്ച് സർവശക്തൻ അനുഗ്രഹിക്കുമാറാകട്ടെ. ആമീൻ. ■

(കോഴിക്കോട് ജെ.ഡി.റ്റി ഇസ്‌ലാമിൽ വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂളിലെ ഇംഗ്ലീഷ് അധ്യാപകനാണ് ലേഖകൻ)